മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതു് ഉദ്ദേശിക്കുന്നതു് ഇരിക്കും. അഞ്ചുലക്ഷം ഉദ്ദേശിക്കുന്നുണ്ടു്.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Will the acquisition with this Rs. 61,000 be over this year?

Mr. V. K. Aravindaksha Menon *(Chief Engineer):* Early in 1121, it will be over but the acquisition charges from Vypeen to Narakkal will be about Rs. 1,90,000.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* What is the proposal, is it to begin from the southern end?

Mr. V. K. Aravindaksha Menon *(Chief Engineer):* Yes.

Mr. M. I. Paul *(Narakkal):* Has the Government any objection to ask for supplementary grant if it is necessary?

Mr. V. K. Aravindaksha Menon *(Chief Engineer):* That will be considered.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ റോഡിനു് അവിടത്തെ വസ്തു ഉടമസ്ഥന്മാർ ആരെങ്കിലും അവരുടെ ഭൂമിവില കൂടാതെ തരാമെന്നു പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ആരും തന്നിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആരെങ്കിലും ഭൂമി വെറുതെ തരുവാനുണ്ടാകുമെന്നു നോക്കിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അന്വേഷിച്ചിട്ടു് ആവശ്യമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഇതിനുവേണ്ട ഉദ്ദേശിക്കുന്നു എന്നുണ്ടാക്കാൻ സാധിക്കുമെന്നു ഇപ്പോൾ പറയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. നോട്ടീസ്സുവേണം.

ക്വ. മിസ്റ്റർ എം. കെ. വറുഗീസു്:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) വൈപ്പിൻ—പള്ളിപ്പുറം റോഡിന്റെ ആവശ്യകത ആദ്യമായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടതു എതു വർഷത്തിലാണു്;

(ബി) അതുമുതൽ നാളിതുവരെ ഈ റോഡുനിർമ്മാണവിഷയത്തിൽ ഗവർമ്മെണ്ടു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്;

(സി) ഈ റോഡിന്റെ ആകെ നീളമെത്ര; അതിൽ എത്ര മൈൽദൂരം നിർമ്മിച്ചു കഴിഞ്ഞു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ക്വ ൦ ന്നു-ൽ.

(ബി) ഞാറക്കൽ മുതൽ അയ്യമ്പിള്ളി ആസ്പത്രിവരെ റോഡു വീതികൂട്ടി മെറ്റൽ വിരിക്കുകയും ആ ഭാഗത്തു നാലു പാലങ്ങൾ വാഹനഗതാഗതത്തിനു സൌകര്യമാക്കുകയും, അയ്യമ്പിള്ളി മുതൽ പള്ളിപ്പുറം വരെയുള്ള മണ്ണുവഴി നികത്തി ലെവലാക്കുകയും ചെയ്തിട്ടുണ്ടു്. വയ്പുമുതൽ പള്ളിപ്പുറം വരെ ക്വ ൪ നാഴിക നീളമുണ്ടു്.

(സി) ൪ നാഴിക.

ക്വ ൮. മിസ്റ്റർ പി. എ. മുഹമ്മദ് അഷറഫ്:

വൈപ്പിൻ-പള്ളിപ്പുറം റോഡുപണി പൂർത്തിയാക്കി വാഹന ഗതാഗതം സുഗമമാക്കുവാൻ ഗവർമ്മെണ്ടിനു ആലോചനയുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

ഉവ്വു്.

PULLUT—LOKAMALESWRAM—BRIDGE FOR

ക്വ ൯. മിസ്റ്റർ എം. കെ. വറുഗീസു്:

(എ) പുല്ലുറുനിന്നു കൊടുങ്ങല്ലൂരേയ്ക്കു (ലോകമാലേശ്വരം) ഒരു പാലം നിർമ്മിക്കേണ്ടതിന്റെ അത്യാവശ്യതകയെ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ, ഇതേ പറ്റി ഗവർമ്മെണ്ടു് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേത്തല—അഴീക്കോട് പബ്ലിക്ക് റോഡിൽ ഒരു പാലം ഇല്ലാത്തതു മൂലം ഗതാഗതത്തിനുള്ള വിഷമതകളും ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഉവ്വ്.

(ബി) ഉവ്വ്.

Mr. K. T. Achyuthan *(Ezhuvas-Mukundapuram):* May I know at what stage the investigation is now?

Mr. V. K. Aravindaksha Menon *(Chief Engineer):* We have prepared a preliminary estimate for the work; but the question whether the traffic will justify the construction of a very costly bridge across Pullut—Cranganur is under consideration.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* What will be the approximate cost?

Mr. V. K. Aravindaksha Menon *(Chief Engineer):* About four lakhs of rupees.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: മേത്തല അഴീക്കോട് പാലം പൊളിഞ്ഞുകിടന്നിട്ട് എത്ര കാലമായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: രണ്ടു മൂന്നു കൊല്ലമായി. ഇനിയത്തെ കൊല്ലം അതു് നേരെയാക്കാൻ ഉത്സാഹിക്കാം.

JAGGERY—IMPORT OF—PARTICULARS REGARDING QUOTA, ETC.

൧൨൩. മിസ്റ്റർ പി. കെ. ഡീവർ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവു ചെയ്തു മറുപടി പറയുമോ.—

(എ) മദ്രാസ്സ് സംസ്ഥാനത്തുനിന്നു കൊച്ചിയിലേക്കു ഇറക്കുമതി ചെയ്യുന്നതിനു ലഭിച്ചിരിക്കുന്ന ശർക്കരയുടെ കോട്ട എത്രയാണു്;

(ബി) ഇതു ഗവർമ്മെണ്ടിൽനിന്നു നേരിട്ടു വാങ്ങി ഇവിടെ കൊണ്ടുവരികയാണോ;

(സി) ഈ ശർക്കര ഇവിടെ ഗവർമ്മെണ്ടു് നേരിട്ടു റേഷൻ ഷാപ്പുകളും ഫെയർ പ്രൈസ്സ് ഷാപ്പുകളും വഴിയാണോ വില്പന നടത്തുന്നതു്;

(ഡി) അല്ലെങ്കിൽ അതു മുഖാന്തിരമാണു്? അതിനുള്ള കാരണമെന്താണു്;

(ഇ) മദ്രാസ്സ് സംസ്ഥാനത്തുനിന്നല്ലാതെ വേറെ വല്ല സംസ്ഥാനത്തുനിന്നോ നാട്ടുരാജ്യങ്ങളിൽനിന്നോ ശർക്കര ഇവിടെ ലഭിക്കുന്നുണ്ടോ?

റാവു സാഹിബ് എം. എം. പോൾ:

(എ) ൪,൦൦൦ ടൺ (ഇക്കൊല്ലത്തേക്കു്).

(ബി) അതെ.

(സി) & (ഡി) ഏർപ്പാടു മുഴുവൻ ഭാഗവും റേഷൻ ഷാപ്പുകളും ഫെയർ പ്രൈസ്സ് ഷാപ്പുകളും വഴിയാണു് വില്പന നടത്തുന്നതു്. സ്റ്റോക്കു അധികമുള്ളപ്പോൾ മേൽപറഞ്ഞ ഷാപ്പുകൾക്കു പുറമെ വിശ്വസ്തന്മാരായ കച്ചവടക്കാർ മുഖാന്തിരവും വില്പന നടത്താവുന്നതു്.

(ഇ) ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ വിശ്വസ്തന്മാരായ കച്ചവടക്കാർ ആരാണു്?

റാവുസാഹിബ് എം. എം. പോൾ: നോട്ടീസ്സുവേണം.

മിസ്റ്റർ പി. കെ. ഡീവർ: എല്ലായ്പോഴും ഇതു് റേഷൻ ഷാപ്പിൽ കൊടുക്കുന്നതൊടൊപ്പംതന്നെ പുറമെയുള്ള വിശ്വസ്തന്മാരായ കച്ചവടക്കാർക്കും വില്പനക്കു കൊടുക്കാറില്ലെ?

റാവുസാഹിബ് എം. എം. പോൾ: സ്റ്റോക്കു ധാരാളമുള്ളപ്പോൾ അവർക്കും കൊടുക്കാറുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ശർക്കര വില്പനക്കു കച്ചവടക്കാരെ എല്ലിക്കാത്ത വല്ല സ്ഥലവുമുണ്ടോ?

റാവുസാഹിബ് എം. എം. പോൾ: ഉവ്വ്.

Mr. L. M. Pylee *(Latin-Christians-Ernakulam):* With regard to sub-division (e) may I know whether there has been any offer from any other Indian State for importation of this material?

Rao Sahib M. M. Paul *(Director of Food Supplies):* There was an offer from Mysore and we asked them to send sample and quotation. We have not yet got it.

LIBRARY ARCHIVES Kerala Legislative Assembly